(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2 /2063 / 2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി 02.12.2016

ഫോൺ 0471 2331231,

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അമ്പൂരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്
4) സ്പെയർ.

നം .കെ.എസ്.എ.റ്റി.വി.എം./ജി.പി.2/2063/2016 തീയതി : 02.12.2016

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25-07-2016മുതൽ 04-11-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല .

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-11-2016 മുതൽ 11-11-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : (1) ശ്രീമതി.സിന്ധുലാബീവി .വി .എം , ഓഡിറ്റ് ഓഫീസർ,

(2) ശ്രീ .സഞ്ജയ് .പി.ഐ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

(3) ശ്രീ .അനിൽകുമാർ .ആർ, സീ .ഗ്രേ .ഓഡിറ്റർ,

(4) ശ്രീ .ബിജുലാൽ മണി .എസ് .എൽ, സീ .ഗ്രേ .ഓഡിറ്റർ.

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : (1) ശ്രീമതി .ലൂസി മാണിക്കുട്ടി, 01-04-2015മുതൽ 31-10-2015വരെ

: (2) ശ്രീ .ബി .ഷാജി, 19.11-2015മുതൽ 31-03-2016

സെക്രട്ടറി : ശ്രീ .കെ.മോഹനകുമാരൻ നായർ, 01-04-2015 മുതൽ 31-03-2016വര

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീരാഗ് .ആർ .കെ | 01-04-2015 മുതൽ 31-03-2016വര |
| മെഡി.ആഫീസർ ,പി.എച്ച്.സി.<br>മെഡി.ആഫീസർ, ഹോമിയോ | ഡോ .വൽസരാജ്<br>ഡോ .നിഷ .പി.എൽ | 01-04-2015മുതൽ 06-11-2015വരെ<br>07-11-2015മുതൽ 31-03-2016വരെ |

| | | |
|---|---|---|
| | ഡോ .വി.കെ.ബിന്ദു | 01-04-2015മുതൽ 08-05-2015വരെ |
| കൃഷി ഓഫീസർ | ഡോ .വിശ്വകുമാർ | 09-05-2015മുതൽ 31-03-2016വരെ |
| വി.ഇ.ഒ.(1) | നിർമ്മല സിസിലി ജോർജ് | 25-05-2015മുതൽ 31-03-2016വരെ |
| വി.ഇ.ഒ.(2) | പുഷ്പകുമാരി | 01-04-2015മുതൽ 31-03-2016വരെ |
| എച്ച് .എം. | ഷിബിൻ.വി | 01-04-2015മുതൽ31-03-2016വരെ |
| മെഡിക്കൽ ഓഫീസർ, | മേരിജാസ്മിൻ | 01-04-2015മുതൽ 31-03-2016വരെ |
| ആയുർവേദം | ഡോ.ബെൻഷാ.പി.ബഷീർ | 01-04-2015മുതൽ 31-03-2016വരെ |
| വെറ്ററിനറി സർജൻ | ഡോ .കെ.എസ് .ഷിബു | 01-04-2015മുതൽ 03-03-2016വരെ |
| | ഡോ .എസ് .സജിത്ത്കുമാർ | 04-03-2016മുതൽ 31-03-2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | എക്സ് - സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല -നഷ്ടം 2250/-രൂപ | 2-1 | |
| 13 | സ്ഥാപനനികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 14 | ട്രെഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-3 | |
| 15 | റേഷൻ കടകൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുന്നില്ല | 2-4 | |
| 16 | ഷോപ്പിംഗ് കോംപ്ളക്സ് | 2-5 | |
| 17 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. | 2.6 | |
| 18 | വസ്തുനികുതി - കുടിശ്ശിക 3580068 /- രൂപ | 2.7 | |
| | ഭാഗം 3 | | |
| 19 | ഹോമിയോ മരുന്നുവാങ്ങൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 | |

| | | | |
|---|---|---|---|
| 20 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ - നടപടി കൈക്കൊണ്ടില്ല. 20750/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 21 | കാർഷിക മേഖല - പദ്ധതികൾ ശുഷ്കം . | 3-3 | |
| 22 | ആശ്രയ – വികസനഫണ്ട് അധികം പിൻവലിച്ചു | 3-4 | |
| 23 | തൊഴിലുറപ്പ് അവലോകനം | 3-5 | |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015ലെ 01നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 114396015/-രൂപ വരവും 106617800/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 52669265/-രൂപയും ചെലവ് 46221127/- രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർഥ വരവുചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 27.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 07-11-2016 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17964763

വരവ് - 34704502

ആകെ - 53669265

ചെലവ് - 46221127

നീക്കിയിരിപ്പ് - 6448138

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 2502656 | 2526795 | 5755850 | 10785301 | 9659410 | 1125891 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 1739834 | 989285 | -854028 | 1875091 | 1875091 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1553853 | 1223622 | -550654 | 2226821 | 2226821 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2833587 | 7498079 | - | 10331666 | 10331666 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 491941 | 1943099 | - | 2435040 | 2435040 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1487791 | 4996918 | -1334601 | 5150108 | 5150108 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3016567 | 3016567 | -3016567 | 3016567 | 3016567 | 0 |
| എ.എൻ. ആർ.ജി.എസ്. | 14202 | 34811725 | | 34825927 | 34822081 | 3846 |
| ബി.ഫണ്ട് | | 23848113 | | 23848113 | 23848113 | 0 |
| മറ്റ് വരവുകൾ (തനതുവരുമാനം) | 4324332 | 10895630 | | 15219962 | 9901561 | 5318401 |
| | 17964763 | 97505683 | | 115470446 | 109022308 | 6448138 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 50099808 | 118 | 35693464 | 16 | 42 | 67.05% |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | - | - | - | - |
| തൊഴിൽ നികുതി | 709000 | 673350 | -35650 | -5% |
| കെട്ടിട നികുതി | 2156169 | 863356 | 1292813 | 60% |
| പരസ്യ നികുതി | | | | |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ളക്സ് | 66782 | 60000 | -6782 | -10% |
| ലേലം | 19300 | 35001 | +15701 | +81% |
| ഡി.ആന്റ്.ഓ. ലൈസൻസ് | 47650 | 27050 | -20600 | -43% |
| മറ്റു വരവുകൾ | 145027 | 141976 | -3051 | -2% |
| ആകെ | 3143928 | 1800733 | -1343195 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി - നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യ നികുതി ഈടാക്കിയും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്തും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 539400 | 283 |
| കർഷകതൊഴിലാളി പെൻഷൻ | 2358660 | 261 |
| വിധവാപെൻഷൻ | 7952560 | 852 |
| വാർദ്ധക്യകാലപെൻഷൻ | 9595800 | 1401 |
| വികലാംഗപെൻഷൻ | 2839800 | 285 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 430000 | 21 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 112400 | 13 |
| മിശ്രവിവാഹധനസഹായം | 10000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) - വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-11-2016ന് രാവിലെ 11-00മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ 1997 ലെ പൊതുമരാമത്ത് നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.നിർവ്വഹണ ഉദ്യാഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്ത് ലഭ്യമാക്കുന്ന വാർഷിക ചെലവ് പത്രികയിലെ ചെലവും രജിസ്റ്ററുകൾ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്ന രീതിയിലായിരിക്കണം ചെലവ് പത്രിക തയ്യാറാക്കേണ്ടത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-10-2016 | 09-2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.03.2014 | 2008-09മുതൽ 2012-13വരെ | 30.07.2014 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരളപഞ്ചായത്ത് രാജ് / ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർത്ഥവർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ബി എസ്.എൻ.എൽ | I&II |
| റബ്ബർ ബോർഡ് അമ്പൂരി | I&II |
| എസ്.ബി.ടി കുടപ്പനമൂട് | I&II |
| ഫെഡറൽ ബാങ്ക് | I&II |
| ക്ഷീരോത്പാദക സഹകരണസംഘം കുട്ടമല | I&II |
| ക്ഷീരോത്പാദക സഹകരണസംഘം അമ്പൂരി | I&II |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കേണ്ടതാണ്.

### 2-2 പ്ലാസ്റ്റിക് നിരോധനസാക്ഷ്യപത്രം ഹാജരാക്കുന്നില്ല.

ജി.ഒ (ആർ.ടി)795/2007/ത.സ്വ.ഭ.വ. തീയതി 16.03.2007 പ്രകാരം ഡി ആന്റ് ഒ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കി കാണുന്നില്ല.ഭാവിയിൽ സർക്കാർ ഉത്തരവ് പ്രകാരം സാക്ഷ്യപത്രം ഹാജരാക്കി ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 2-3 ലേലം/ഷോപ്പിംഗ് കോംപ്ലക്സ്- വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ലാത്ത

<u>കരാർ രേഖകൾ.</u>

15.10.2010.ലെ2858/ഡി.ബി(2)/10/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ഉടമസ്ഥതയിലുള്ള കടമുറികൾ/ഓഫീസ് മുറികൾ/മാർക്കറ്റ് സ്റ്റാളുകൾ/ പൊതുമാർക്കറ്റിലെ ഏതെങ്കിലുമൊരു ഭാഗം ലേലം/ വാടക / പാട്ടം നൽകുന്നത് സംബന്ധിച്ച കരാറുകൾ ചമയ്ക്കുന്നതും നിലവിലെ കരാറുകൾ പുതുക്കുന്ന കാര്യത്തിലും കേരള സ്റ്റാമ്പ് ആക്ട് പട്ടികയിലെ എൻട്രി 5(ഡി) പ്രകാരം 200/-മൂല്യമുള്ള മുദ്രപത്രത്തിലായിരിക്കേണ്ടതാണെന്ന് 29.07.2015-ലെ നിയമവകുപ്പിന്റെ 5959/2010/E.leg. A2/2015-ാം നമ്പർ ഉത്തരവു പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അമ്പൂരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലെക്സ് മുറികൾ എന്നിവ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരുമായി ഗ്രാമ പഞ്ചായത്ത് കരാറുകൾ പുതുക്കുന്നതിലും, പുതിയ കരാറുകൾ ചമയ്ക്കുന്നതിലും നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വാടകക്കാർ കരാർ ചമയ്ക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള മുദ്രപത്രങ്ങളിൽ കരാർ വ്യവസ്ഥകൾ ചേർക്കാതെ കാലിയായി സൂക്ഷിച്ചിരിക്കുന്നു. ഇത്തരം സമീപനങ്ങൾ ലേലവ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വാടകക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നത് പ്രയാസകരമാക്കും. ഈ വിഷയം 2014-15 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും ആവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി വാടകക്കാരുമായി കരാർ ചമയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 <u>പരസ്യനികുതി ഈടാക്കുന്നില്ല.</u>

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 <u>വസ്തുനികുതി - കുടിശ്ശിക 3580068/- രൂപ</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിക്കുന്നത്
തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക പ്രകാരം 2015-16സാമ്പത്തികവർഷം വസ്തുനികുതിയിനത്തിൽ അരിയറും കറന്റും ഉൾപ്പെടെ 2062592/- രൂപ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം (B-15) അരിയറും (2006853/-) കറന്റും (1573215/-) ഉൾപ്പെടെ ആകെ 3580068/-രൂപയാണ് വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുള്ളത്. വാർഷിക ധനകാര്യപത്രികയിൽ ഡി.സി.ബി.പത്രിക യിലെ കുടിശ്ശിക തുകയേക്കാൾ 1517476/-രൂപ കൂടുതലായികാണിച്ചിരിക്കുന്നു. കുടിശ്ശികയിൽ കാണുന്ന മേൽ അപാകത പരിഹരിച്ച് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട യഥാർത്ഥ വസ്തുനികുതി നിർണയിച്ച് പിരിച്ചെടുക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാൻ വസ്തുനികുതിയുടെ വർഷംതിരിച്ചുള്ള കുടിശ്ശിക നിർണ്ണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക നികുതിയീടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>ഹോമിയോ മരുന്നുവാങ്ങൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

ഹോമിയോ ഡോക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം :15/2016 പ്രകാരം 100000/- രൂപ ചെലവഴിച്ച് മരുന്നു വാങ്ങിയിട്ടുണ്ട്. ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-2** തെരുവു വിളക്കുകൾ സ്ഥാപിക്കൽ - നടപടി കൈക്കൊണ്ടില്ല. 20750/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - S0121/2016

തെരുവ് വിളക്ക് വാങ്ങൽ

അടങ്കൽ തുക - 561645/- (വികസനഫണ്ട്)

ബിൽ നമ്പർ - 14/AMB/PA42/15, തീയതി - 15.05.2015

ചെലവ് തുക - 481400/-

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന 116 പോസ്റ്റുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി - യുമായി കരാർ വയ്ക്കുകയുണ്ടായി. (അമ്പൂരി - 111, ഒറ്റശേഖരമംഗലം - 5) 24.08.2013 - ലെ സർക്കാർ ഉത്തരവ് നമ്പർ 1658.D3/13/1D പ്രകാരം മുൻവർഷത്തെ വാറന്റിയോടെ എഗ്രിമെന്റ് വച്ച് 116 എൽ.ഇ.ഡി (4150/- Per Set) വാങ്ങുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യുടെ 31.03.2015 ലെ കത്ത് പ്രകാരം 111 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഒറ്റശേഖരമംഗലം പരിധിയിൽ വരുന്ന '5' എൽ.ഇ.ഡി ലൈറ്റുകൾ നാളിതുവരെ സ്ഥാപിക്കുകയുണ്ടായില്ല. ആയതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.8 നുള്ള മറുപടിയായി ഒറ്റശേഖരമംഗലം പരിധിയിൽ നാളിതുവരെ സ്ട്രീറ്റ് മെയിൻ വലിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭ്യമായത് . ആയതിനാൽ ബാക്കി വന്ന അഞ്ച് ലൈറ്റുകൾ എത്രയും വേഗം സ്ഥാപിച്ച് രേഖകൾ ഹാജരാക്കി 20750/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ് .

## **3-3** കാർഷിക മേഖല - പദ്ധതികൾ ശുഷ്കം .

പ്രോജക്ട് നമ്പർ - 87/2016

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

നിർവ്വഹണം - കൃഷി ഓഫീസർ

വകയിരുത്തിയത് - 40,600/-

ചെലവഴിച്ചത് - 9,600/-

ബിൽ നമ്പർ - 1/2015-16

തീയതി - 30.03.2016

പദ്ധതി മാർഗ്ഗരേഖ അനുബന്ധം - 1 ഖണ്ഡിക 1 (i) (ii) പ്രകാരം സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കണമെന്നും, ഭക്ഷ്യവിളകളുടെ വിള വിസ്തൃതി വർദ്ധിപ്പിച്ചും, ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചും കാർഷിക വിളകൾ വർദ്ധിപ്പിക്കാനായി നടപടികൾ കൈക്കൊള്ളണമെന്നുമുള്ള നിർദ്ദേശം നടപ്പിലാക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ

ഓഡിറ്റ് എൻക്വയറി നമ്പർ.6 ന മറുപടിയായി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കാർഷിക സർവേ പഞ്ചായത്ത് നടത്തിയിട്ടുണ്ടെന്നും 'നീർത്തട മാസ്ററർ പ്ലാൻ' എന്ന പേരിൽ രണ്ട് വലിയ പുസ്തകങ്ങൾ പുറത്തിറക്കിയിട്ടുണ്ടെന്നും ആണ് മറുപടി ലഭ്യമാക്കിയത് . കാർഷിക മേഖലയ്ക്ക് വൻ അവസരങ്ങൾ നിലവിലുള്ള പഞ്ചായത്തിൽ വികസനത്തിന് ഉതകുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ വരും വർഷങ്ങളിൽ ശ്രമിക്കേണ്ടതാണ് .

## **3-4** തൊഴിലുറപ്പ് അവലോകനം

2015-16 സാമ്പത്തിക വർഷത്തിൽ ആകെ 449 ജോലികൾ തുടങ്ങുകയും 430 എണ്ണം പൂർത്തിയാക്കുകയും ചെയ്യുകയുണ്ടായി. ആകെ ജോലികൾക്കായി 50129787/- രൂപ ചെലവഴിച്ചു. ആകെ തൊഴിൽ കാർഡുകളുടെ എണ്ണം 4004 ഉം 100 ദിവസം തൊഴിൽ ലഭ്യമായത് 794 പേർക്കുമാണ്. പദ്ധതികളുമായി ബന്ധപ്പെട്ട് മേൽ സാമ്പത്തിക വർഷം ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നത് വീഴ്ചയായി വിലയിരുത്തുന്നു. ആസ്തി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

5 ഏക്കറിനു താഴെയുള്ള നാമമാത്ര കർഷകരുടെ ഭൂമി കിളച്ച്, കൃഷിക്ക് അനുയോജ്യമാകാൻ 77 ജോലിക്ക് 8216120/- രൂപയും, ബി.പി.എൽ/എസ്.സി എന്നിവരുടെ പറമ്പ് കിളച്ച് കൃഷിക്ക് അനുയോജ്യമാക്കാൻ 227 ജോലിക്ക് 3,61,01,769/- രൂപയും, കനാൽ, കുളം എന്നിവ വൃത്തിയാക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി 33 ജോലികൾക്ക് 1598894/- രൂപ ചെലവഴിക്കുകയുണ്ടായി. ഐ.എ.വൈ ഭവനനിർമ്മാണത്തിന് 44 പ്രവൃത്തികൾക്കായി 773943/- രൂപ ചെലവഴിച്ചത് നേട്ടമായി വിലയിരുത്തുന്നു. വരും വർഷങ്ങളിൽ ആസ്തികൾ നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | 831/2010, dt 11.03.10 | 13764000 | 6447058 | 1789886 | 0 | 4657172 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | പെൻഷൻ ഫിക്സേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം | 5744 | പദ്മകുമാർ, ഹെഡ് ക്ലർക്ക്. | 115501100297/ 18.05.2015 |
| | 2014-15ലെ ഓഡിറ്റ് എൻക്വയറി പ്രകാരം ഒടുക്കിയത്. | 495 | ഡി.സുധീർ, സീനിയർ ക്ലർക്ക് | 115501101325/ 27.01.2016 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35(1) | 2003-04 | 1 | ചീനിക്കാല അംഗൻവാടി നിർമ്മാണം അഡ്വാൻസും പാർട്ട്ബില്ലും കൈപ്പറ്റിയ ശേഷം പ്രവൃത്തി അപൂർണ്ണമായി ഉപേക്ഷിച്ചു. | പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2000-01 | 46 | 2003-04 | 2 | തേക്കുപാറ കൊണ്ടകെട്ടി റോഡ് ടാറിംഗ് ടെണ്ടർ കിഴിച്ച് അവസാന ബില്ലിൽ നിന്നും കുറയ്ക്കാത്തതു കൊണ്ടുള്ള നഷ്ടം | തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34704502 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46221127 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 120750 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3.2 | 20750 | സെക്രട്ടറി. |
| ആകെ | 20750 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/328/2003 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 2/884/2006 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1224/2007 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1125/2008 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1051/2009 | 16 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.2/747/2010 | 12 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/748/2011 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2413/12 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2640/12 | 24 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2568/13 | 10 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1863/14 | 22 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.2/881/2015 | 10 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1383/2016 | 20 | |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*എസ്:7/12/16*

<u>അനുബന്ധം - 1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അമ്പൂരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം - 2</u>

<u>ന്യൂനതകൾ</u>

1. പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്,എം.എസ് വരവ് ചെലവ് തുകകൾ(വാർഷിക ധനകാര്യ പത്രിക) ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്